# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2057 — 12.02.2013-ൽ മറുപടിയ്ക്ക്

<u>സ്വാഭാവിക വനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>,, അൻവർ സാദത്ത്<br>,, വി. പി. സജീന്ദ്രൻ<br>,, എം. എ. വാഹീദ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വന പ്രദേശത്തിന് പുറമേ സംസ്ഥാനത്ത് സ്വാഭാവിക വനം നിർമ്മിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) വന പ്രദേശത്തിന് പുറമേ സ്വാഭാവിക വനം നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ വനദീപ്തി എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ ശിവഗിരി എന്ന സ്ഥലത്ത് ഈ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി) ഏതെല്ലാം ഫലവൃക്ഷങ്ങളാണ് ഈ സ്വാഭാവിക വനത്തിൽ വച്ച് പിടിപ്പിക്കുവാനുദ്ദേശിക്കുന്നത്: വിശദമാക്കുമോ; | ബി) വനദീപ്തി പദ്ധതി പ്രകാരം ഞാവൽ, മാവ്, പ്ലാവ്, ആഞ്ഞിലി, പേര, അത്തി, നെല്ലി, കുടംപുളി, പുളി തുടങ്ങിയ ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുവരുന്നു. |
| സി) സ്വാഭാവിക വനങ്ങളിൽ ഔഷധസസ്യങ്ങളും മരങ്ങളും നട്ടുവളർത്തുന്ന കാര്യം പരിഗണിക്കുമോ ; | സി) ടി പദ്ധതി നടപ്പാക്കുന്ന സ്ഥലത്തിന് അനുയോജ്യമായി ഔഷധ സസ്യങ്ങളും തദ്ദേശീയമായ വൃക്ഷങ്ങളും വച്ചു പിടിപ്പിക്കുന്നുണ്ട്. |
| ഡി) സ്വാഭാവിക വനത്തെക്കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം സൃഷ്ടിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കുമോ ? | ഡി) സ്വാഭാവിക വനത്തെക്കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം സൃഷ്ടിക്കുന്നതിനായി സമീപ പ്രദേശങ്ങളിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും, നാട്ടുകാർക്കും പ്രകൃതി പഠന ക്യാമ്പുകളും പഠന യാത്രകളും സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ